പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2258 — 8.3.2017 -ൽ മറുപടിയ്ക്ക്

## ചുണ്ടൻ വള്ളങ്ങളുടെയും, വള്ളപ്പുരകളുടെയും നവീകരണം

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | ഹരിപ്പാട്ടുള്ള ചുണ്ടൻ വള്ളങ്ങളുടെയും, വള്ളപ്പുരകളുടെയും നവീകരണത്തിനായി നടപ്പിലാക്കി വരുന്ന പ്രത്യേക ടൂറിസം പ്രോജക്ടിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | ബി) | ഹരിപ്പാട് ചുണ്ടൻ വള്ളങ്ങളുടെയും, വള്ളപ്പുരകളുടെയും നവീകരണത്തിനായി നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതി അന്തിമഘട്ടത്തിലാണ്. |
| ബി) | എത്ര ചുണ്ടൻ വള്ളങ്ങളും വള്ളപ്പുരകളും ഇതിന്റെ അടിസ്ഥാനത്തിൽ നവീകരിച്ചു; എത്ര രൂപയുടെ ഗ്രാന്റ് വിതരണം ചെയ്തു; | ബി) | 11 ചുണ്ടൻ വള്ളങ്ങളുടേയും 8 വള്ളപ്പുരകളുടേയും നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചിരുന്നത്. ഇതിൽ 10 ചുണ്ടൻ വള്ളങ്ങളുടേയും 7 വള്ളപ്പുരകളുടേയും പണി പൂർത്തിയായി. ഒരു ചുണ്ടൻ വള്ളത്തിന്റേയും അതിന്റെ വള്ളപ്പുരയുടേയും പണി പൂർത്തിയായിട്ടില്ല. ഇതുവരെയും 1,16,01,404/- (ഒരുകോടി പതിനാറു ലക്ഷത്തി ആയിരത്തി നാനൂറ്റി നാല്) രൂപയുടെ ഗ്രാന്റ് ഇതിനായി വിതരണം ചെയ്തിട്ടുണ്ട്. |
| സി) | ശേഷിക്കുന്ന ഗ്രാന്റ് അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ